(സി) രണ്ടാംഘട്ട റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 60000-ൽ അധികം പേർക്ക് പ്രയോജനം ലഭിക്കും. 253.59 കോടി രൂപയുടെ ആനുകൂല്യമാണ് നൽകുന്നത്.

(ഡി) മത്സ്യത്തൊഴിലാളികൾ മത്സ്യഫെഡ്, 1969 -ലെ കേരള സഹകരണ സംഘം ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽ നിന്നെടുത്തിട്ടുള്ള വായ്പകൾക്കാണ് കാടശ്വാസം ഇതിനകം അനുവദിച്ചിട്ടുള്ളത്. ദേശസാൽകൃത ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിലെ കടങ്ങൾ അടുത്തഘട്ടമായി പരിഗണിക്കുന്നതാണ്.

(ഇ) ഉണ്ട്. അനുകൂല മറുപടി ലഭിച്ചിട്ടില്ല.

മത്സ്യത്തൊഴിലാളികളുടെ കടാശ്വാസം

198(406) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ കടങ്ങൾ എഴുതിത്തള്ളുന്നതിന്റെ ഏതൊക്കെ ഘട്ടങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) മത്സ്യത്തൊഴിലാളികളുടെ കടങ്ങൾ എഴുതിത്തള്ളുന്നതിൽ ഇത്ര മാത്രം കാലതാമസം ഉണ്ടാകുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 15-12-2009-ലെ സ.ഉ. (കൈ) നമ്പർ 78/09/മത്സ്യ പ്രകാരം 1182.60 ലക്ഷം രൂപയുടെ ഹഡ്കോ വേന വായ്പാ കുടിശ്ശിക യും 24-2-2010-ലെ സ.ഉ.(കൈ) നം.9/10/മത്സ്യ പ്രകാരം 115,03,49,024 രൂപയുടെ എൻ.സി.ഡി.സി. വായ്പകളും എഴുതിത്തള്ളി സർക്കാർ ഉത്തരവായിട്ടുണ്ട്. 1969-ലെ സഹകരണ സംഘം ആക്ട് പ്രകാരം പ്രവർത്തിക്കുന്ന ബാങ്കുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകളിൽ കടാശ്വാസം അനുവദിക്കുന്നതിന് 241.15 കോടി രൂപയും, മത്സ്യഫെഡ് മുഖേന നൽകിയ എൻ.ബി.സി.എഫ്.ഡി.സി., എൻ.എം. ഡി.എഫ്.സി. വായ്പകളും മത്സ്യസംഘങ്ങളുടെ തനത് ഫണ്ടിൽ നിന്നും നൽകിയ വായ്പകളും എഴുതി ത്തള്ളുന്നതിന് 12.44 കോടി രൂപയും അനുവദിച്ച് 6-12-2010-ലെ സ.ഉ.(കൈ) നമ്പർ പി.91/10/മത്സ്യ 2010 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) മത്സ്യത്തൊഴിലാളികളുടെ കടം എഴുതിത്തള്ളുന്ന കാര്യത്തിൽ കാലതാമസം ഉണ്ടായിട്ടുള്ളതായി കണക്കാക്കുന്നില്ല.

മത്സ്യഫെഡിലെ നിയമനങ്ങൾ

199(407) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യഫെഡിൽ എത്രപേരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചു ; ഇപ്പോൾ എത്രപേർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട് ;

(ബി) ദിവസവേതനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എത്രപേരെ സ്ഥിരപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ; അവരിൽ ഈ സർക്കാരിന്റെ കാലത്ത്, നിയമിക്കപ്പെട്ടവർ എത്രപേർ ഉണ്ട് ;

(സി) മത്സ്യഫെഡിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടുകൊണ്ട് തീരുമാനം എടുത്തിട്ടുണ്ടോ ; എങ്കിൽ എന്ന് ;

(ഡി) ഈ തീരുമാനപ്രകാരം ഇതേവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ഇ) പി.എസ്.സി. വഴി നികത്തേണ്ട തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുന്നതുകൊണ്ട് അർഹരായ ഒട്ടനവധിപേർക്ക് അവസരം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) പി.എസ്.സി. വഴി നിയമനം നടത്താനുള്ള സ്പെഷ്യൽ റൂൾസ് ഇനിയും തയ്യാറായിട്ടില്ലാത്തതിനാൽ പ്രത്യേക പദ്ധതികൾക്കും മറ്റുമായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ 84 പേരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇതിൽ 63 പേർ ജോലിയിൽ തുടരുന്നുണ്ട്.

(ബി) മത്സ്യഫെഡിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഒരു നിർദ്ദേശം പരിശോധിച്ചു വരുന്നു. തീരുമാനം ഒന്നും കൈക്കൊണ്ടിട്ടില്ല.

(സി) ഉണ്ട്. 29-1-95-ലെ 10/95-ാം നമ്പർ ഓർഡിനൻസ് അനുസരിച്ച്

(ഡി) മത്സ്യഫെഡിലെ നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂൾസിന്റെ കരട് പരിശോധിച്ചുവരുന്നു.

(ഇ) താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

മുതലപ്പൊഴി ഫിഷിംഗ് ഹാർബർ പദ്ധതി

200(408) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുതലപ്പൊഴി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ തകരാറിനെ സംബന്ധിച്ച് പുനയിലെ ഒരു കമ്പനിയുടെ പഠന റിപ്പോർട്ട് ലഭിച്ചുവോ ; എങ്കിൽ അതിലെ വിശദാംശം നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly